
തീയതി സ്വദേശത്തുവച്ച് ഇഹലോകവാസം വെടിഞ്ഞ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

തന്റെ കത്തീഡ്രൽ പള്ളിയായിരുന്ന കോട്ടയം ഇടയ്ക്കാട്ട് പള്ളിയിൽ കാർലോസ് പിതാവിന്റെ സ്മാരകശില സ്ഥാപിച്ചിട്ടുണ്ട്. വിസിറ്റേഷൻ സഭയുടെ ഇടയ്ക്കാട്ടു ഭവനവും, തിരുഹൃദയക്കുന്നിനടുത്ത് വല്ലംബ്രോസൻ ബനഡിക്ടൈൻ സഭയുടെ മൈനർ സെമിനാരിയും കാർലോസ് ലവീഞ്ഞ് മെത്രാന്റെ നാമം വഹിക്കുന്ന സ്ഥാപനങ്ങളാണ്.

സഭയുടെ വളർച്ചയും ഉന്നതിയുമാണ് തന്റെ വ്യക്തിപരമായ സ്ഥാനത്തെക്കാളും ബഹുമതിയെക്കാളും മഹത്തരം എന്ന് കരുതിയ വിനീതനായ അജപാലകനായിരുന്നു ചാൾസ് ലവീഞ്ഞ് തിരുമേനി. മൈനോറിറ്റി വിഭാഗങ്ങൾ അവഗണിക്കപ്പെടരുതെന്ന് 1947-ൽ ഇന്ത്യൻ ഭരണഘടനാ ശില്പികൾ വിഭാവന ചെയ്യുന്നതിന് ഏറെ വർഷങ്ങൾക്കുമുമ്പുതന്നെ തെക്കുംഭാഗരുടെ തനിമയും കൂട്ടായ്മയും പാരസ്പര്യങ്ങളും അംഗീകരിച്ച ക്രാന്തദർശിയായിരുന്നു ലവീഞ്ഞ് മെത്രാനച്ചൻ. "ചെറിയ അജസമൂഹമേ ഭയപ്പെടേണ്ട" എന്ന ദൈവവചനം തെക്കുംഭാഗസമുദായത്തിന്റെ ആത്മാവിലേക്ക് സന്നിവേശിപ്പിക്കുവാൻ ലവീഞ്ഞ് മെത്രാനും കഴിഞ്ഞു. മാത്രമല്ല വടക്കുംഭാഗസമുദായ ഭൂരിപക്ഷമുള്ള ചങ്ങനാശ്ശേരി വികാരിയാത്തിന്റെ മെത്രാനായി തെക്കുംഭാഗക്കാരനായ മാക്കീൽ മത്തായിയച്ചനെ നാമനിർദ്ദേശം ചെയ്യാനുള്ള ധീരതയും ആർജ്ജവവും അദ്ദേഹത്തിനുണ്ടായി. ക്നാനായ സമുദായത്തിന്റെ സഭാത്മകമായ മുന്നേറ്റത്തിന് തുടക്കം കുറിച്ച ഈ പുരോഹിതശ്രേഷ്ഠനോട് ഈ സമൂഹം ഏറെ കടപ്പെട്ടിരിക്കുന്നു.

**റവ. ഡോ. തോമസ് കോട്ടൂർ**

# ദൈവദാസൻ മാത്യു മാക്കീൽ
## കാലത്തിനു മുമ്പേ നടന്ന കർമ്മയോഗി



രക്ഷാകര സ്നേഹത്തിന്റെ താളുകൾ മറിക്കുമ്പോൾ ഓരോ കാലത്തിനും യോജിച്ചരീതിയിൽ ദൈവം തനിക്ക് ആവശ്യമുള്ളവരെ പ്രത്യേകം തെരഞ്ഞെടുക്കുകയും അവരെ ശക്തിപ്പെടുത്തുകയും അവർ വഴി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്യുന്നത് നമുക്കു കാണാം. ദൈവം എന്നെ സൃഷ്ടിച്ചിരിക്കുന്നത് ഒരു പ്രത്യേകം ദൗത്യം നിർവ്വഹിക്കുന്നതിനാണ് എന്ന ദൈവനിയോഗം തിരിച്ചറിഞ്ഞ കർമ്മയോഗിയത്രേ ദൈവദാസൻ മാത്യു മാക്കീൽ. ഏകദേശം ഒരു നൂറ്റാണ്ടിനുമുമ്പ് ഈ ലോകം വിട്ടുപോയ ഈ ദിവ്യപുരുഷന്റെ ഓർമ്മ ഇന്നും ജനഹൃദയങ്ങളിൽ ഒളിമങ്ങാതെ നിൽക്കുന്നു.

അസാധാരണമായ കുടുംബമഹിമയുടെ ഭദ്രതയും അഗാധമായ ഭാഷാനൈപുണ്യവും ഉണ്ടായിരുന്ന മഹത് വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന മത്തായിക്കുഞ്ഞ്, എളിമ നിറഞ്ഞതും മാതൃകാപരവുമായ ഒരു ജീവിതം നയിച്ച മാഞ്ഞൂർ മാക്കീൽ പുത്തൻപുരയിൽ തൊമ്മൻ അന്ന ദമ്പതികളുടെ തൃതീയ പുത്രനായി 1851 മാർച്ച് 27-ന് ഭൂജാതനായി. വിശുദ്ധിയും ആത്മീയതയും വിളഞ്ഞ വളക്കൂറുള്ള മണ്ണായിരുന്നു തന്റെ കുടുംബം. ദൈവഭയത്തിലും ആഴമേറിയ വിശ്വാസത്തിലുമാണ് അദ്ദേഹം ചെറുപ്പം മുതലേ വളർന്നുവന്നത്. പഠനത്തിൽ വളരെ സമർത്ഥനായിരുന്ന അദ്ദേഹം പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം 1865-ൽ മാന്നാനം കൊവേന്ത സെമിനാരിയിൽ ചേർന്ന് സുറിയാനി പഠനം ആരംഭിക്കുകയും 1866-ൽ വരാപ്പുഴ പള്ളി സെമിനാരിയിൽ വൈദികപഠനം തുടരുകയും ചെയ്തു. 1874 മെയ് 30-ന് അഭിവന്ദ്യ ലെയ്നാർദ് മെല്ലാനോ മെത്രാപ്പോലീത്തായുടെ കൈവയ്പു വഴി അദ്ദേഹം പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു.ജൂൺ 8-ന് വരാപ്പുഴ മാനംപാടി പള്ളിയിൽ പ്രഥമബലി അർപ്പിച്ചു. തുടർന്ന് സെമിനാരി പ്രൊഫസർ, ഇടവകവികാരി എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ചുവരവേ, 1886-ൽ വരാപ്പുഴ അതിരൂപതാ സഹായമെത്രാൻ മാർ മർസലിനോസ് ബരാർദിയുടെ സെക്രട്ടറിയായി

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ

നിയമിതനായി. എളിമയുടെയും അനുസരണയുടെയും ഉദാത്തമാതൃകയായിരുന്ന മത്തായിയച്ചനെ കോട്ടയം വികാരി അപ്പസ്തോലിക്കയായിരുന്ന ലവീഞ്ഞ് മെത്രാനച്ചൻ 1889-ൽ തെക്കുംഭാഗക്കാരുടെ വികാരിജനറാളായി നിയമിച്ചത് വികാരിയാത്തിന്റെ കെട്ടുറപ്പിനും വളർച്ചയ്ക്കും കാരണമായി.

ജ്ഞാനത്തിലൂടെ മാത്രമേ ഒരു വ്യക്തിയുടെ പൂർണ്ണവും സമഗ്രവുമായ രൂപപ്പെടൽ നടക്കൂ എന്ന് മത്തായിയച്ചന് ഉറച്ച ബോദ്ധ്യമുണ്ടായിരുന്നു. പ്രത്യേകിച്ച് കുടുംബങ്ങളുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സ്ത്രീവിദ്യാഭ്യാസം അത്യാവശ്യമാണെന്ന് അദ്ദേഹം പൂർണമായും വിശ്വസിച്ചിരുന്നു. അങ്ങനെ 'നാടു നന്നാകാൻ നാരികൾ നന്നാകണം' എന്ന ചൊല്ല് മനസ്സിലേറ്റി അദ്ദേഹം ക്നാനായ സമുദായത്തിലെ സ്ത്രീജനങ്ങളുടെ ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവുമായ സമുദ്ധാരണത്തിനുവേണ്ടി 1892 ജൂൺ 24-ാം തീയതി ഈശോയുടെ തിരുഹൃദയത്തിരുനാളിൽ അഭിവന്ദ്യ ലവീഞ്ഞ് പിതാവിന്റെ അനുമതിയോടെ കൈപ്പുഴയിൽ വിസിറ്റേഷൻ സന്യാസിനീ സമൂഹത്തിന് ആരംഭം കുറിച്ചു. ഇതോടെ ക്നാനായ സമുദായത്തിന്റെ സുകൃതവളർച്ചയ്ക്കും സന്യാസ ജീവിതാശ്ലേഷത്തിനുമുള്ള വേദികൾ തുറന്നുകിട്ടി. അങ്ങനെ ഭാവിയിൽ ജന്മം കൊള്ളാനിരുന്ന കോട്ടയം അതിരൂപതയുടെ ആദ്ധ്യാത്മിക ചൈതന്യമായ തിരുഹൃദയഭക്തിയുടെ പ്രചാരണത്തിന് ശക്തമായ ഒരു പോംവഴി സജ്ജമായി. ക്നാനായ സമൂഹം ഇന്ന് നേടിയിരിക്കുന്ന വിദ്യാഭ്യാസപുരോഗതിക്ക് കാരണം ദൈവദാസൻ മാക്കീൽപിതാവിന്റെ ദീർഘവീക്ഷണത്തോടെയുള്ള വിദ്യാഭ്യാസ ദർശമായിരുന്നുവെന്നുള്ളത് നിസ്തർക്കമായ സംഗതിയത്രേ.

ഈ ധന്യപുരുഷന്റെ വിശുദ്ധി നിറഞ്ഞ ജീവിതസാക്ഷ്യമാണ് 1896-ൽ ചങ്ങനാശ്ശേരി വികാരിയാത്തിന്റെ പ്രഥമവികാരി അപ്പസ്തോലിക്കയായി മാർ മാത്യു മാക്കീലിനെ നിയമിക്കുവാൻ 13-ാം ലെയോ മാർപാപ്പയെ പ്രേരിപ്പിച്ചത്. "ദൈവമാകുന്നു എന്റെ പ്രത്യാശ" എന്ന ആദർശവാക്യം സ്വന്തമാക്കിക്കൊണ്ട് 15 വർഷക്കാലം ചങ്ങനാശ്ശേരി വികാരിയാത്തിനെ നന്മയിലേയ്ക്ക് നയിക്കുവാൻ പിതാവിനു കഴിഞ്ഞു.

1911 ആഗസ്റ്റ് 29-ാം തീയതി രൂപംകൊണ്ട കോട്ടയം വികാരിയാത്തിന്റെ ജനനത്തിലും വളർച്ചയിലും നിലനിൽപ്പിലും വന്ദ്യപിതാവിന്റെ സാന്നിദ്ധ്യവും സഹകരണവും അനിർവചനീയമാണ്. അവ അക്കമിട്ടെണ്ണുക അസാദ്ധ്യമെങ്കിലും വന്ദ്യപിതാവ് തന്റെ കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥനയിൽ വിരിയിച്ചെടുത്ത നറുമണം വറ്റാത്ത പുഷ്പമാണ് കോട്ടയം അതിരൂപത. രൂപതാഭരണം ക്രമമായും, ചിട്ടയായും നടത്തുന്നതിനുള്ള നിയമസംഹിത (ദെക്രേത്ത് പുസ്തകം) കേരള കത്തോലിക്കാസഭയ്ക്ക് (സീറോ മലബാർ സഭയ്ക്ക് മുഴുവനും) സംഭാവന ചെയ്ത നിയമദാതാവ്, അജഗണത്തിന്റെ ആത്മീയവളർച്ചയ്ക്ക് ഉതകുവിധം 41 ഇടയലേഖനങ്ങളും ക്രിസ്തീയ വേദോപദേശവും പ്രസിദ്ധീകരിച്ച ആത്മീയാചാര്യൻ, തന്റെ അജഗണങ്ങളുടെ വിശ്വാസജീവിത വളർച്ചയ്ക്കാവശ്യമായ പോഷണം നൽകിയ നല്ലയിടയൻ - ഇത്തരത്തിലുള്ള അനുഗൃഹീത വ്യക്തിത്വം ദൈവദാസൻ മാർ മാത്യു മാക്കീലിന്റേതാണ്. പിതാവിൽ കത്തിജ്ജ്വലിക്കുന്ന ആത്മീയതയുടെ ഉൾപ്പൊരുൾ ദിവ്യകാരുണ്യസ്ഥിതനായ ഈശോയുടെ തിരുഹൃദയമായിരുന്നു. ഒപ്പം പരി. കന്യകാമറിയത്തിന്റെ വിമലഹൃദയവും. ജീവിതത്തെ നിഷ്കർമ്മംകൊണ്ടും, കർമ്മത്തെ ജ്ഞാനം കൊണ്ടും ജ്ഞാനത്തെ ദൈവാശ്രയം കൊണ്ടും അദ്ദേഹം ധന്യമാക്കി. ശ്ലൈഹിക ശുശ്രൂഷയുടെ കടമകളും ഉത്തരവാദിത്വങ്ങളും ശ്രദ്ധാപൂർവ്വം നിറവേറ്റിയിരുന്ന ഒരു വൈദിക മേലദ്ധ്യക്ഷനെയാണ് ദൈവദാസനിൽ നാം ദർശിക്കുക. ഒരു വികാരിയാത്തിന്റെ മേലദ്ധ്യക്ഷപദവിയിൽ ഇരുന്നപ്പോഴും ലാളിത്യവും മനുഷ്യത്വവും അദ്ദേഹം കൈവെടിഞ്ഞിരുന്നില്ല. സഹനത്തിലൂടെയും വേദനകളിലൂടെയും തീക്ഷ്ണമായ പ്രാർത്ഥനകളിലൂടെയും കടന്ന്, സ്വജീവിതം കൊണ്ട് സമുദായത്തിനും സമുദായാംഗങ്ങൾക്കും ലോകം മുഴുവനും പ്രകാശമായി മാറിയ ധന്യവ്യക്തിത്വമാണ് അഭി. മാർ മാത്യു മാക്കീലിന്റേത്. ഈ ജീവിതസാക്ഷ്യത്തിന് ദൈവം നൽകിയ അംഗീകാരമാണ് ദൈവദാസ പദവി എന്നതിൽ സംശയമില്ല.

ആത്മീയവും ഭൗതികവുമായ മേഖലകളിൽ മഹനീയ മുദ്ര പതിപ്പിച്ച് 1914 ജനുവരി 26-ന് തന്റെ 63-ാം മത്തെ വയസ്സിൽ ഈ പുണ്യാത്മാവ് പരലോകപ്രാപ്തനായി. വന്ദ്യപിതാവിന്റെ ദേഹവിയോഗ വാർത്തയറിഞ്ഞ് പരി. പിതാവ് പീയൂസ് പാപ്പാ കോട്ടയം വികാരിയാത്തിന് അയച്ച അനുശോചന കത്തിൽ ഇപ്രകാരം പറയുന്നു. " മാക്കീൽ മാർ മത്തായി മെത്രാൻ പ്രായാധിക്യത്താലല്ല, പുണ്യവർദ്ധനവിന്റെ ഭാരത്താൽ നമ്മുടെ കർത്താവിൽ നിദ്രപ്രാപിച്ചു." വിശുദ്ധജീവിതം നയിച്ച് വിശുദ്ധിയിൽ മരിച്ച വന്ദ്യപിതാവ് ഇന്ന് ഇടയ്ക്കാട്ട് സെന്റ് ജോർജ്ജ് ഫൊറോനാ പള്ളിയുടെ മദ്ബഹായിൽ അന്ത്യവിശ്രമം കൊള്ളുന്നു. 2009 ജനുവരി 26-ാം തീയതി അഭി. മാക്കീൽ പിതാവിന്റെ 95-ാം ചരമദിനത്തിൽ കോട്ടയം അതിരൂപതാ മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് അഭി. മാക്കീൽ പിതാവിനെ ദൈവദാസപദവിയിലേക്കുയർത്തിയത് സഭാചരിത്രത്തിന്റെ വിശുദ്ധിയും കോട്ടയം അതിരൂപതയുടെ മാറ്റും വർദ്ധിപ്പിച്ചിരിക്കുന്നു. ദൈവദാസന്റെ വിശുദ്ധ കബറിടത്തിങ്കൽ വന്ന് പ്രാർത്ഥിച്ച് നിരവധി അനുഗ്രഹങ്ങൾ സ്വന്തമാക്കുന്നവരുടെ ഗണത്തിൽ നമുക്കും പങ്കുചേരാം. മനുഷ്യദാസ്യത്തിലൂടെ ദൈവദാസ്യത്തിലേക്കുയർന്ന ആ ജീവിതത്തിനു മുമ്പിൽ നമുക്ക് ശിരസ്സ് നമിക്കാം. അവിടുത്തെ മാദ്ധ്യസ്ഥ്യം അനേകായിരങ്ങൾക്ക് ആത്മീയോത്കർഷത്തിന് കാരണമാകട്ടെ. സാർവ്വത്രിക സഭയിൽ വിശുദ്ധരുടെ ഗണത്തിലേയ്ക്ക് ഈ തിരുഹൃദയപ്രേഷിതൻ എത്രയും വേഗം ചേർക്കപ്പെടുന്നതിന് നമുക്ക് പ്രാർത്ഥിക്കാം.

**സി. ബനീഞ്ഞ് എസ്.വി.എം.**

തനിമയിൽ
ഒരുമയിൽ
വിശ്വാസനിറവിൽ